പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1317** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഒറ്റപ്പാലം മണ്ഡലത്തിലെ വില്ലേജുകൾ സ്മാർട്ട് ആക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** ഒറ്റപ്പാലം മണ്ഡലത്തിലെ എല്ലാ വില്ലേജുകളും സ്മാർട്ട് വില്ലേജ് ആയി ഉയർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്മാർട്ട് വില്ലേജ് അല്ലാത്തവ ഏതെല്ലാമാണെന്നും ആയവ സ്മാർട്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ഒറ്റപ്പാലം മണ്ഡലത്തിലെ എല്ലാ വില്ലേജുകളും സ്മാർട്ട് വില്ലേജ് ആയി ഉയർത്തിയിട്ടില്ല. ശ്രീകൃഷ്ണപുരം-1, ലക്കിടി പേരൂർ-1, ഒറ്റപ്പാലം-1 എന്നിവയാണ് സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തിയിട്ടില്ലാത്തത്. അമ്പലപ്പാറ-1 വില്ലേജ് അറ്റകുറ്റപ്പണിയിലൂടെ സ്മാർട്ട് വില്ലേജ് നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. ലക്കിടി പേരൂർ-2 വില്ലേജിന്റെ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ശോച്യാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകി എല്ലാ വില്ലേജ് ഓഫീസുകളും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**